**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3156** **14-02-2024 - ൽ മറുപടിയ്ക്ക്**

**പാലക്കോട് ഫിഷ് ലാന്റിംഗ് സെന്ററിലെ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പയ്യന്നൂർ മണ്ഡലത്തിലെ പാലക്കോട് ഫിഷ് ലാന്റിംഗ് സെന്ററിലെ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | കണ്ണൂർ ജില്ലയിലെ രാമന്തളി ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന പാലക്കോട് ഫിഷ് ലാന്റിംഗ് സെന്റർ കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ അധീനതയി ലാണുള്ളത് . നിലവിൽ മത്സ്യബന്ധന പ്രവൃത്തികൾക്കായുള്ള പൂർണ്ണ തോതിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഈ ഫിഷ് ലാന്റിംഗ് സെന്ററിൽ ഇല്ല. |
| (ബി) | ഫിഷ് ലാന്റിംഗ് സെന്ററിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; അറിയിക്കാമോ? | (ബി) | ഫിഷ് ലാന്റിംഗ് സെന്റർ നവീകരിക്കണമെന്ന് നവകേരള സദസ്സിൽ ആവശ്യം ഉയർന്നതിനെ തുടർന്ന് കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതുൾപ്പെടെയുള്ള നവീകരണ പ്രവൃത്തികൾക്കായുള്ള പ്രൊപ്പോസൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ